## കൊടുമൺ ഗ്രാമപഞ്ചായത്ത്



നിങ്ങൾ ചിന്തിക്കുന്നതും
പറയുന്നതും പ്രവർത്തിക്കുന്നതും
ഒരു പോലെ ആകുമ്പോഴാണ്
നിങ്ങൾ യഥാർത്ഥത്തിൽ
സന്തുഷ്ടനാണ് എന്നു പറയുന്നത്

# ബജറ്റ് 2024–25

KODUMON GRAMA PANCHAYAT

BUDGET FOR THE YEAR 2024-25

# കൊടുമൺ ഗ്രാമപഞ്ചായത്ത്

## ബജറ്റ് 2024-25

ധനകാര്യ സ്ഥിരം സമിതിയുടെ 07/02/2024 തീയതിയിലെ
1 - നമ്പർ തീരുമാന പ്രകാരവും
ഭരണസമിതിയുടെ 09/02/2024 തീയതിയിലെ
1 - നമ്പർ തീരുമാന പ്രകാരവും അംഗീകരിച്ചത്

*Prepared in Easy Budget Solution 10.2 Designed by*

# കൊടുമൺ ഗ്രാമപഞ്ചായത്ത്

# ബജറ്റ് 2024-25

## ആമുഖം

പ്രിയപ്പെട്ടവരെ,

നമ്മുടെ പഞ്ചായത്തിന്റെ 2024-2025 വാർഷിക ബജറ്റ് അവതരിപ്പിക്കുന്നതിനാണ് നാം ഇന്നിവിടെ കൂടിയിരിക്കുന്നത്. ഒട്ടേറെ നല്ല ആശയങ്ങൾ, വികസന സങ്കല്പങ്ങൾ, എന്നിവ യാഥാർത്ഥ്യ ബോധത്തിൽ നിന്നുകൊണ്ടും അപ്രായോഗികത ഒഴിവാക്കിക്കൊണ്ടും നമ്മുടെ ബജറ്റിന്റെ ഭാഗമാക്കിക്കൊണ്ട് അടുത്ത സാമ്പത്തിക വർഷത്തിൽ നടപ്പിലാക്കേണ്ടതുണ്ട്.

അധികാരം ഇന്ത്യയിലെ ഗ്രാമങ്ങളിലേക്ക് പടർന്നപ്പോൾ വികസന ക്ഷേമ പദ്ധതികൾ കുറേക്കൂടി സുതാര്യവും സ്വതന്ത്രവുമായി. അവ ജനങ്ങൾ ആഗ്രഹിക്കുന്ന തരത്തിലേക്ക് എത്തിക്കൊണ്ടിരിക്കുന്നു. അതുതന്നെയാണ് ജനാധിപത്യത്തിന്റെ ശക്തിയും. ഇന്ന് സംസ്ഥാനത്തിന്റെ മൊത്തം വരുമാനത്തിന്റെ ൬൦ ശതമാനമെങ്കിലും പഞ്ചായത്തുകൾ കൈകാര്യം ചെയ്യുന്നു. അങ്ങനെ നോക്കുമ്പോൾ ലോകത്തിലെ ഏറ്റവും വലിയ പഞ്ചായത്ത് ശൃംഖല ഭാരതത്തിന്റേതാണ്.

വികസന ക്ഷേമ പദ്ധതികൾ നന്നായി നടപ്പിലാക്കുന്നതിന് വ്യക്തമായ കാഴ്ചപ്പാടും ലക്ഷ്യവും സമയക്രമവും അശ്രാന്ത പരിശ്രമവും കൂടിച്ചേരേണ്ടതുണ്ട്. അതിനായുള്ള ലക്ഷ്യവും കാഴ്ചപ്പാടും വ്യക്തമാക്കുകയാണ്.

ഗുണപരമായ മാറ്റം അനുഭവവേദ്യമാകുന്നു എന്ന ബോധ്യപ്പെടൽ പൊതുജനങ്ങൾക്ക് ഉണ്ടാകുമ്പോഴാണ് ഏതൊരു സർക്കാരും വിജയിച്ചു എന്ന് വിലയിരുത്തപ്പെടുന്നത്. സാമൂഹിക വ്യവസ്ഥിതിയിലും ജീവിതസാഹചര്യങ്ങളിലും ഗുണപരമായ മാറ്റം ഉണ്ടാക്കുവാൻ കഴിയുമെന്ന കാഴ്ചപ്പാടിലൂന്നിയുള്ള വികസന സങ്കല്പമമാണ് പ്രാദേശിക സർക്കാർ എന്ന നിലയിൽ ഗ്രാമപഞ്ചായത്തിന് മുന്നോട്ടുവെക്കുവാനുള്ളത്. നിലവിലുള്ള വിഭവസ്രോതസ്സിന്റെ പരിമിതിയിൽ നിന്നുകൊണ്ട് പരിഗണന അനിവാര്യമാണ് എന്ന് വ്യക്തമായ മേഖലകൾ കണ്ടെത്തി അവയ്ക്ക് ഊന്നലേകുക എന്ന കാഴ്ച്ചപ്പാടാണ് പഞ്ചായത്ത് പുലർത്തുന്നത്.

ഏതൊരു വ്യക്തിയുടെയും സാമാന്യ സങ്കല്പ്പമാണ് തലചായ്ക്കാൻ ഒരു വീട് വീട്ടുമുറ്റത്ത് കുടിവെള്ളം, ഇരുളകറ്റാൻ വൈദ്യുത സംവിധാനം എന്നിവ. ഭവനരഹിതരായ നിരവധി പേർ ലൈഫ് സമ്പൂർണ്ണ ഭവനപദ്ധതിയുടെ ഗുണഭോക്താക്കളായി വന്നിട്ടുണ്ട്. വികസനഫണ്ടിന്റെ പ്രധാനഭാഗം ഇതിനായി നീക്കിവെച്ചിട്ടുണ്ട്.

പ്രകൃതിയെ മറന്നുള്ള വികസനം അർത്ഥവത്താകില്ല. കാലാവസ്ഥ പോലും സമയക്രമം തെറ്റി വരുന്നത് നമുക്കുള്ള മുന്നറിയിപ്പായി വേണം കരുതാൻ. പാരിസ്ഥിതിക പ്രവർത്തനങ്ങളിൽ വലിയ സംഭാവന നൽകാൻ തദ്ദേശ സ്ഥാപനങ്ങൾക്ക് കഴിയേണ്ടതുണ്ട്. പ്രധാനമായും തൊഴിലുറപ്പ് പദ്ധതി ഫണ്ട് ഉപയോഗപ്പെടുത്തി പാരിസ്ഥിതിക സൗഹൃദ വികസന പദ്ധതികൾ ഏറ്റെടുത്ത് നടത്തുന്നതിന് നമ്മൾ ലക്ഷ്യമിടുകയാണ്.

കേരള പഞ്ചായത്ത് രാജ് നിയമ പ്രകാരം 27 അനിവാര്യ ചുമതലകളും അതോടൊപ്പം പൊതുചുമതലകളും മേഖലാടിസ്ഥാനത്തിലുള്ള ചുമതലകളും ഗ്രാമപഞ്ചായത്തിൽ നിക്ഷിപ്തമായിട്ടുണ്ട്. ഗ്രാമപഞ്ചായത്തിന്റെ ചുമതലകളുടെ നിർവ്വഹണം കൂടുതൽ കാര്യക്ഷമമാക്കുന്നതിനും സേവന വിതരണം ജനകീയമാക്കുന്നതിനും ശ്രദ്ധ കേന്ദ്രീകരിക്കുന്നതിനാവശ്യമായ വകയിരുത്തലുകളുണ്ട്.

പങ്കാളിത്ത വികസന സങ്കല്പത്തിൽ ഗ്രാമസഭകൾക്ക് നിർണ്ണായകമായ സ്ഥാനമാണുള്ളത്. ഗ്രാമസഭകളിൽ നിന്നുള്ള അഭിപ്രായങ്ങൾക്കൊപ്പം മറ്റു വഴികളിലൂടെ ഗ്രാമപഞ്ചായത്തിന് ലഭ്യമാകുന്ന നിർദ്ദേശങ്ങളും വികസനക്ഷേമ പ്രവർത്തനങ്ങളുടെ ഭാഗമാക്കുന്നതിന് ശ്രദ്ധിച്ചിട്ടുണ്ട്.

നമുക്കെല്ലാം അറിവുള്ളതുപോലെ സർക്കാർ ലഭ്യമാക്കുന്ന വികസനഫണ്ട് തന്നെയാണ് നമ്മുടെ പ്രധാന വിഭവ സ്രോതസ്സ്. അതോടൊപ്പം തനതു വരുമാനവും, എല്ലാ മേഖലകൾക്കും ഫണ്ടുകൾ മാറ്റി വെച്ചുകൊണ്ട് ഈ ബജറ്റ് തയ്യാറാക്കിയിട്ടുള്ളതാണ്. ലഭ്യമാകുന്ന ധനസ്രോതസ്സുകളെ കുറിച്ച് വിശദമായി ബജറ്റ് അവതരണത്തിൽ സൂചിപ്പിക്കുന്നതാണ്. സർക്കാരിന്റെ നിർദ്ദേശാനുസരണം ചില പദ്ധതികൾക്ക് കൂടുതൽ തുക മാറ്റിവെക്കുമ്പോൾ മറ്റു വികസന പ്രവർത്താനങ്ങൾക്ക് ഫണ്ട് ലഭ്യതക്കുറവ് വരുമെന്നത് ശ്രദ്ധയിൽപ്പെടുത്തുന്നു. എങ്കിലും ഉല്പാദന സേവന മേഖലകൾക്ക് വരും വർഷങ്ങളിലും ശ്രദ്ധയും പരിഗണനയും ഉണ്ടാകുമെന്ന് ഉറപ്പുതരുന്നു.

## കർമ്മ പദ്ധതി

ദീർഘമകാല വികസന ദർശനത്തിലേക്ക് ആവശ്യമായിട്ടുള്ള അടിയന്തിര പ്രാധാന്യമുള്ള പ്രവർത്തനങ്ങളും നവീന ആശയങ്ങളും സമതുലിതമായി സംയോജിപ്പിച്ച് കൊണ്ടുള്ളതാണ് അടുത്ത സാമ്പത്തിക വർഷത്തേക്കുള്ള ബഡ്ജറ്റ്. പ്ലാൻ ഫണ്ട് വിനിയോഗിച്ച് കാർഷിക മേഖലയിൽ സമഗ്ര പുരയിടകൃഷിയും തരിശ് നെല്കൃഷി വികസനവും ,നമ്മുടെ ഗ്രാമത്തെ കേരഗ്രാമമാക്കി മാറ്റുന്നതിനും ഉതകുന്ന പദ്ധതികൾ ഏറ്റെടുത്തിട്ടുണ്ട്.

ക്ഷീരകർഷകർക്ക് പാലിന് ഇൻസെന്റീവ് നല്കുന്നതിനുള്ള പദ്ധതിയോടൊപ്പം കന്നുകുട്ടി പരിപാലനം, മുട്ടക്കോഴി വിതരണം, ധാതുലവണ മിശ്രിത വിതരണം എന്നീ പദ്ധതികളിലൂടെയും മൃഗസംരക്ഷണ മേഖലക്ക് കൈത്താങ്ങാവുന്ന വിധം പദ്ധതികൾക്കായി ഫണ്ട് വകയിരുത്തുന്നു. മൂന്ന് ആശുപത്രികളും സബ്ബ്സെന്ററുകളുമുള്ള കൊടുമൺഗ്രാമപഞ്ചായത്തിലെ എല്ലാ ആശുപത്രികൾക്കും മരുന്ന് വാങ്ങുന്നതിനും മെയിന്റനൻസിനും പദ്ധതിവിഹിതം ചെലവഴിക്കുന്നതാണ്. പാർശ്വവത്കരിക്കപ്പെട്ടവരുടെയും വയോജനങ്ങലുടെയും വനിതകളുടെയും കുട്ടികളുടെയും ഭിന്നശേഷി ഉള്ളവരുടെയും ക്ഷേമത്തിന് പ്രാധാന്യം നല്കുന്ന ബഡ്ജറ്റ് ആണിത്. പഞ്ചായത്തിലെ ആസ്തികളുടെ വികസനവും കുടിവെള്ള ക്ഷാമമുള്ള സ്ഥലങ്ങളിൽ കുടിവെള്ളമെത്തിക്കലും തെരുവ് വിളക്കുകളുടെ മെയിന്റനൻസും അടിയന്തിര പ്രാധാന്യത്തോടെ ബഡ്ജറ്റ് വിഹിതം നല്കി ഏറ്റെടുക്കുന്നു. ലൈഫ് ഭവന പദ്ധതി, റോഡുകളുടെ മെയിന്റനൻസ് ശുചിത്വം/മാലിന്യ സംസ്കരണം എന്നിവയോടൊപ്പം വിദ്യാഭ്യാസ മേഖലയിലും പട്ടികജാതി വികസന മേഖലയിലും പ്രവർത്തനങ്ങൾ ഏറ്റെടുക്കുന്നതിനും, സ്ഥലപരിമിതയുള്ള ഗ്രാമവാസികൾക്ക് ഉതകും വിധം പൊതുശ്മശാന നിർമ്മാണത്തിനും, പ്ലാന്റേഷൻ, മുല്ലൂർ ഡാം, ഐതിഹ്യ പ്രധാന്യമുള്ള നമ്മുടെ ചിലന്തി അമ്പലം, വൈകുണ്ഠപുരം ക്ഷേത്രം എന്നിവ കോർത്തിണക്കി

ഒരു ഫാം ടൂറിസം പദ്ധതി എന്നിവയ്ക്കും പദ്ധതി വിഹിതം ചെലവഴിക്കാൻ പഞ്ചായത്ത് ബഡ്ജറ്റിലൂടെ ലക്ഷ്യം വയ്ക്കുന്നു. പഞ്ചായത്താഫീസ്, കൃഷി ആഫീസ്, ബഡ്സ് സ്കൂൾ കെട്ടിട നിർമ്മാണത്തിനും ബജറ്റിൽ ആവശ്യമായ പ്രാധാന്യം നൽകിയിട്ടുണ്ട്.

## നയസമീപനം

സാധാരണക്കാരുടെയും കൃഷിക്കാരുടെയും പഞ്ചായത്തായ കൊടുമൺ ഗ്രാമപഞ്ചായത്തിൽ സാമ്പത്തികമായും സാമൂഹ്യമായും പിന്നോക്കം നില്ക്കുന്നവരിലേക്ക് വികസനത്തിന്റെ ഗുണങ്ങൾ എത്തിക്കുകയും അവരെ പടിപടിയായി സ്വയം പര്യാപ്തതയിലേക്കും സാമ്പത്തിക ഭദ്രതയിലേക്കും സാമൂഹ്യ ഉന്നമനത്തിലേക്കും എത്തിക്കുക എന്നതാണ് യഥാർത്ഥ വികസനം എന്ന നയസമീപനം പഞ്ചായത്ത് ഉയർത്തി പിടിക്കുന്നു. പരിസ്ഥിതി, മണ്ണ്, ജലം ഇവയുടെ സംരക്ഷണം ഇവയ്ക്ക് പ്രാധാന്യം നല്കിയും ജൈവകൃഷി പ്രോത്സാഹിപ്പിച്ചും, കൂടുതൽ തരിശ് ഭൂമിയിലേക്ക് കൃഷി വ്യാപിപ്പിച്ചും വികസനം ഉറപ്പ് വരുത്തി കൃഷിക്കാർക്കൊപ്പം കൊടുമൺ നിലകൊള്ളുന്നു. ജൻഡർ ഇക്വാലിറ്റി നിലനിർത്തി, സാമൂഹ്യ സമത്വം ഉറപ്പ് വരുത്തി, ജാതിമത ഭേദമെന്യേ മികവിലേക്ക് മുന്നേറുന്നതിനുള്ള ദൃഢചിത്തതയാണ് പഞ്ചായത്തിന്റെ മുഖമുദ്ര.

## ലക്ഷ്യം

പ്രാദേശികമായ വെല്ലുവിളികൾക്ക് പരിഹാരം കാണുകയും പിന്നോക്കാവസ്ഥയിലുള്ളവർക്ക് കൈത്താങ്ങാവുകയും, വികസിച്ചുകൊണ്ടിരിക്കുന്ന ലോകത്തിന് മുൻപിൽ പകച്ച് നിൽക്കാതെ നവീനമായ ആശയങ്ങളും സാങ്കേതങ്ങളും താഴെതട്ടിൽ നിന്ന് ആരംഭിച്ച് ആഗോള വികസനത്തിന് തയ്യാറെടുക്കുക, ആഗോള സുസ്ഥിര വികസനലക്ഷ്യങ്ങൾക്ക് ഒപ്പം ചുവട് വയ്ക്കുക എന്ന പൊതു ലക്ഷ്യത്തിൽ ഊന്നി നിന്നുകൊണ്ട് പൊതുജനങ്ങളുടെ അടിസ്ഥാന ആവശ്യങ്ങളായ ഭക്ഷണം, ആരോഗ്യം, ഭവനം, വിദ്യാഭ്യാസം, സാമ്പത്തിക ഭദ്രത, അവസരലഭ്യത എന്നിവയിൽ 100 ശതമാനം കരുതൽ നൽകുക എന്നതും പൊതുജനങ്ങളുടെ ക്ഷേമത്തിന് പര്യാപ്തമാവും വിധം പുതിയ ധനസ്രോതസ്സുകൾ കണ്ടെത്തുന്നതിനുള്ള ലക്ഷ്യമാണ് കൊടുമൺ ഗ്രാമപഞ്ചായത്ത് മുന്നോട്ട് വയ്ക്കുന്നത്.

## മുൻഗണനകൾ

തികച്ചും കാർഷിക ഗ്രാമമായ കൊടുമൺ ഗ്രാമപഞ്ചായത്തിന്റെ മുൻഗണനകളിൽ പ്രഥമസ്ഥാനം കൃഷി അനുബന്ധ പ്രവർത്തനങ്ങൾക്കും, കർഷകരുടെ സുരക്ഷ ഉറപ്പ് വരുത്തുന്നതിനും, ഗ്രാമത്തിൽ ഭക്ഷ്യസുരക്ഷ ഉറപ്പ് വരുത്തുന്നതിനും ആയിരിക്കും. മുൻകാലങ്ങളിൽ നടപ്പിലാക്കിയ പ്രവർത്തനങ്ങളും നവീനമായ പദ്ധതികളും ഇണക്കി ചേർത്ത് പരമാവധി ജനകീയ പങ്കാളിത്തം ഉറപ്പ് വരുത്തി പഞ്ചായത്തിന്റെ അനിവാര്യ ചുമതലകളും ഇതര ചുമതലകളും കാര്യക്ഷമമായി നിർവ്വഹിക്കുന്നതിനും ലഭ്യമാവുന്ന വിഭവങ്ങൾ പരമാവധി സമാഹരിക്കുന്നതിനും ആസൂത്രിതമായും ഫലപ്രദമായും വിനിയോഗിക്കുന്നതിനും മുൻഗണന നൽകികൊണ്ടാണ് ബഡ്ജറ്റ് തയ്യാറാക്കിയിട്ടുള്ളത്.

# വിഭവ സമാഹരണവും വിനിയോഗവും

സംസ്ഥാന സർക്കാരിന്റെ പദ്ധതി അടങ്കലിൽ 60 ശതമാനവും തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളിലൂടെയാണ് വിനിയോഗിക്കുന്നത് എന്നതിനാൽ തന്നെ ഇപ്രകാരം ബഡ്ജറ്റ് വിഹിതമായി സംസ്ഥാന സർക്കാർ അനുവദിക്കുന്ന വികസനഫണ്ട്, പ്രത്യേക ഉദ്ദേശ ഗ്രാന്റായ എസ്.സി.പി, കേന്ദ്ര ഫിനാൻസ് കമ്മീഷൻ വിഹിതമായ സി.എഫ്.സി ബേസിക്, ടൈഡ് ഫണ്ടുകളെ ആണ് പദ്ധതി ചെലവുകൾക്ക് പഞ്ചായത്ത് പ്രധാനമായും ആശ്രയിക്കു ന്നത്. തൊഴിലുറപ്പ് പദ്ധതിയുമായി ബന്ധപ്പെട്ട ഫണ്ടുകളും കേന്ദ്ര, സംസ്ഥാന, ബ്ലോക്ക്, ജില്ല പഞ്ചായത്ത് വിഹിതവും സംയുക്ത പദ്ധതികൾ രൂപീകരിച്ച് മികച്ച രീതിയിൽ വിനിയോഗിക്കാൻ ബഡ്ജറ്റിലൂടെ ശ്രമം നടത്തിയിട്ടുണ്ട്. ജനറൽ പർപ്പസ് ഗ്രാന്റ്, നികുതി നികുതിഇതര വരുമാനങ്ങൾ എന്നിവ ഭരണ ചെലവുകൾക്കും അനിവാര്യ റവന്യൂ ചെലവുകൾക്കും വകയിരുത്തിയ ശേഷം കാര്യമായി മിച്ചം ഉണ്ടാകുന്നില്ല എന്നത് പഞ്ചായത്തിന്റെ സാമ്പത്തിക പരാധീനത വെളിവാക്കുന്നു. എന്നിരുന്നാലും തനത്ഫണ്ട് വരുമാനം വർദ്ധിപ്പിക്കുന്നതിനുള്ള ഊർജ്ജിത നടപടികളിലൂടെ ഈ പരിമിതി മറികടക്കാൻ കഴിയുന്നതാണ്.

ബജറ്റ് അനുബന്ധ പ്രവർത്തനങ്ങൾക്കും ഫലപ്രാപ്തിയോടെയുള്ള പദ്ധതി നടത്തിപ്പിനും എല്ലാ ജനപ്രതിനിധികളുടെയും ഉദ്യോഗസ്ഥരുടെയും പൊതുജനങ്ങളുടെയും സഹകരണം അഭ്യർത്ഥിക്കുന്നു.

ബജറ്റ് അവതരണത്തിനായി നമ്മുടെ ബഹുമാന്യനായ വൈസ് പ്രസിഡന്റ് ശ്രീമതി. ധന്യാദേവിയെ ക്ഷണിച്ചുകൊള്ളുന്നു.

സ്നേഹപൂർവ്വം,

**കെ.കെ.ശ്രീധരൻ**
(പ്രസിഡന്റ്, കൊടുമൺ ഗ്രാമപഞ്ചായത്ത്)

കൊടുമൺ,
09/02/2024

# കൊടുമൺ ഗ്രാമ പഞ്ചായത്ത്

## ബജറ്റ് 2024 - 2025

## ബജറ്റ് നോട്ട്

2024-25 സാമ്പത്തിക വർഷത്തെ സംസ്ഥാന ബജറ്റി വകയിരുത്തിയ തുകകളുടെ വിവരങ്ങൾ

ജനറൽ പർപ്പസ് ഫണ്ട് : 19265000/ രൂപ

മെയിന്റനൻസ് ഫണ്ട്- നോൺ റോഡ് : 1,25,58000/ രൂപ

മെയിന്റനൻസ് ഫണ്ട്- റോഡ് : 1,062,3000/ രൂപ

വികസന ഫണ്ട്- സാധാരണ വിഹിതം : 1,96,61,000 /രൂപ

ധനകാര്യ കമ്മീഷൻ ഗ്രാന്റ് : 82,82,000/ രൂപ

പ്രത്യേക ഘടകപദ്ധതി : 1,83,52,000/ രൂപയും

കേന്ദ്ര സംസ്ഥാനാവിഷ്കൃത പദ്ധതികൾക്കുള്ള വിഹിതവും, ലൈഫ് ലോൺ വിഹിതവും മറ്റു തദ്ദേശ സ്ഥാപനങ്ങളുടെ വിഹിതവും ഉൾപ്പെടെ ആകെ 32,2006000/ രൂപയാണ് പ്രതീക്ഷിത പദ്ധതി ചെലവിനു വേണ്ടിയുള്ള വരവ്. ഇതിൽ ഉത്പാദന മേഖലയ്ക്കായി 1,11,61000/ രൂപയും, സേവന മേഖലയിൽ 23,01,09787/ രൂപയും, പശ്ചാത്തല മേഖലയിൽ 2,40,00000/ രൂപയും, മെയിന്റനൻസ് പ്രവർത്തികൾക്ക് 3800000 രൂപയും, മൂലധന ചെലവുകൾക്ക് 4,99,37,440/രൂപയും വകയിരുത്തിയിരിക്കുന്നു.

### അനിവാര്യ ചുമതലകൾക്ക് വേണ്ടിയുള്ള വകയിരുത്തലുകൾ.

ഗ്രാമപഞ്ചായത്തിലെ ജനപ്രതിനിധികൾക്കും ജീവനക്കാർക്കുമുള്ള ശമ്പളത്തിനും അലവൻസുകൾക്കും, ആഫീസ് ചെലവുകൾക്കും, ദൈനംദിന ഭരണ പ്രവർത്തനങ്ങൾക്കുമായി 2024-2025 വർഷത്തിലേക്കുള്ള വകയിരുത്തലുൾ താഴെ പറയും പ്രകാരമാണ്.

| ക്രമ നം | ഇനം | 2024-25 ലേക്ക് വകയിരുത്തുന്ന തുക |
|---|---|---|
| | **ജീവനക്കാര്യം- ഹോണറേറിയം** | |
| 1 | ശമ്പളം ,വേതനം | 1,36,55,000 |
| 3 | ബോണസ് | 5,25,000 |
| 4 | യാത്ര ബത്ത | 5,00,000 |
| 5 | മറ്റ് ബത്തകൾ | 5,25,000 |
| 6 | ജന പ്രതിനിധികൾക്കുള്ള ഹോണറേറിയം | 25,25,000 |
| 7 | ജന പ്രതിനിധികൾക്കുള്ള സിറ്റിംഗ് ഫീസ് | 4,00,000 |
| 8 | ജന പ്രതിനിധികൾക്കുള്ള യാത്ര ബത്ത | 2,00,000 |
| 9 | പെൻഷൻ കോൺട്രിബ്യൂഷൻ | 25,00,000 |
| 10 | അവധി ശമ്പളം | 800000 |
| 11 | മറ്റ് സേവന വിരാമ ആനുകൂല്യങ്ങൾ | 1000000 |
| | **ജീവനക്കാര്യത്തിലേക്കുള്ള ആകെ** | **2,26,30,000** |

| ക്രമ നം | ഇനം | 2024-25 ലേക്ക് വകയിരുത്തുന്ന തുക |
|---|---|---|
| ഭരണ ചെലവുകൾ | | |
| 1 | വാടക | 5,00,000 |
| 2 | നികുതി | 50000 |
| 4 | ഓഫീസ് ചെലവുകൾ | 5,00,000 |
| 5 | വാർത്താ വിനിമയ ചെലവുകൾ | 5,50,000 |
| 6 | പുസ്തകങ്ങളും ആനുകാലികങ്ങളും | 1,00,000 |
| 7 | അച്ചടിയും സ്റ്റേഷനറിയും | 4,00,000 |
| 8 | ഇൻഷുറൻസ് / രജിസ്ട്രേഷൻ | 50,000 |
| 9 | നീതി ന്യായ സേവനങ്ങൾക്കുള്ള ചെലവുകൾ | 4,00,000 |
| 10 | പ്രൊഫഷണൽ സേവനങ്ങൾക്കു ള്ള ചെലവുകൾ | 100000 |
| 11 | പരസ്യവും പ്രചരണവും | 350000 |
| 12 | മെമ്പർഷിപ്പ് / വരിസംഖ്യ | 1,00,000 |
| 13 | തെരഞ്ഞെടുപ്പ് ചെലവുകൾ | 1,50,000 |
| 14 | അസാധാരണ ചെലവുകൾ | 1,00,000 |
| 15 | മറ്റ് ഭരണചെലവുകൾ | 4,00,000 |
| | **ഭരണ ചെലവുകൾ ആകെ** | **37,50,000** |
| | **സംരക്ഷണവും നടത്തിപ്പും വൈദ്യുതി വാട്ടർ മുതലായവ** | **4,95,3000** |
| | **അനിവാര്യ ചുമതലകൾക്ക് ആകെ** | **3,13,33,000** |

**ബജറ്റ് ഒറ്റനോട്ടത്തിൽ**

**മുൻ ബാക്കി - 42,75,112/ രൂപ**
**ആകെ വരവ് - 45,8649800/ രൂപ**
**ആകെ ബജറ്റ് അടങ്കൽ - 46,29,24,912/ രൂപ**
**ആകെ റവന്യൂ ചെലവുകൾ - 41,10,23,560/ രൂപ**
**ആകെ മൂലധന ചെലവുകൾ - 4,99,37,440/ രൂപ**
**ആകെ ചെലവ് - 460961000/ രൂപ**
**നീക്കിബാക്കി - 19,63,912/ രൂപ**

**<u>ഉപസംഹാരം</u>**

സമൂഹത്തിന്റെ എല്ലാ വിഭാഗങ്ങളെയും സ്പർശിച്ചുകൊണ്ടും, പരമാവധി ക്ഷേമ വികസന പ്രവർത്തനങ്ങൾ നടപ്പാക്കാനും ഉദ്ദേശിച്ചിട്ടുള്ള ഈ കരട് വാർഷിക ബജറ്റ് സ്റ്റേറ്റ്മെന്റും ഷെഡ്യൂളുകളും ഗ്രാമപഞ്ചായത്ത് കമ്മിറ്റിയുടെ പരിഗണനയ്ക്കായി സമർപ്പിക്കുന്നു. പ്രതീക്ഷിത വരവുകൾക്കും ചെലവുകൾക്കും മാറ്റങ്ങൾ വന്നേക്കാം. വിശദമായ ചർച്ചകൾക്കും ബോധ്യപ്പെടലുകൾക്കും വിധേയമാക്കി അംഗീകാര നടപടികൾ കൈക്കൊള്ളണമെന്ന് അഭ്യർത്ഥിക്കുന്നു.

എന്ന്,
**ധന്യാദേവി,**
ചെയർപേഴ്സൺ, ധനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റി
വൈസ് പ്രസിഡന്റ്.

# KODUMON GRAMA PANCHAYAT

## BUDGET FOR YEAR 2024-25

| | Particulars - ഇന വിവരം | | Actuals for the year 2022-23 യഥാർത്ഥ കണക്ക് 2022-23 | Revised Budget for the year 2023-24 പരിഷ്കരിച്ച ബജറ്റ് 2023-24 | Budget for the year 2024-25 ബജറ്റ് 2024-25 |
|---|---|---|---|---|---|
| A | Opening balance(net) - പ്രാരംഭ ബാക്കി | WS-1 | 1,50,62,059 | 2,01,21,094 | 42,75,112 |
| B | a) Tax revenue - നികുതി വരുമാനം | BS-1 | 58,15,505 | 80,00,000 | 98,50,000 |
| C | b) Non tax revenue - നികുതിയിതര വരുമാനം | BS-2 | 33,97,858 | 63,60,000 | 74,20,000 |
| D | Total Own Fund - ആകെ തനത് ഫണ്ട് | (B+C) | 92,13,363 | 1,43,60,000 | 1,72,70,000 |
| E | c) General Purpose Fund - ജനറൽ പർപ്പസ് ഫണ്ട് | BS-3 | 1,38,66,000 | 1,69,76,000 | 1,92,65,000 |
| F | Total -ആകെ | (D+E) | 2,30,79,363 | 3,13,36,000 | 3,65,35,000 |
| G | d) Other Grants(Plan) - മറ്റ് റവന്യൂ ഗ്രാന്റുകള് -പദ്ധതി ചെലവുകൾക്ക് | BS-4 | 12,78,88,291 | 27,73,82,797 | 27,86,81,760 |
| H | e) Other Grants(Non-Plan) - മറ്റ് റവന്യൂ ഗ്രാന്റുകള് പദ്ധതിയേതര ചെലവുകൾക്ക് | BS-5 | 5,97,28,560 | 4,20,00,000 | 10,01,08,800 |
| I | Toal Revenue Income - ആകെ റവന്യൂ വരവുകൾ | (F+G+H) | 21,06,96,214 | 35,07,18,797 | 41,53,25,560 |
| J | Capital Income - Loans -മൂലധന വരവ്-വായ്പ വാങ്ങൽ | BS-6 | 0 | 2,00,00,000 | 0 |
| K | Capital Income other than loans - വായ്പ ഒഴികെ മൂലധന വരവുകൾ | BS-7 | 26,88,948 | 1,93,33,810 | 4,33,24,240 |
| L | Total Capital Income - ആകെ മൂലധന വരവുകൾ | (J+K) | 26,88,948 | 3,93,33,810 | 4,33,24,240 |
| M | Total Income - ആകെ വരവുകൾ | (I+L) | 21,33,85,162 | 39,00,52,607 | 45,86,49,800 |
| N | Total Income+Net opening balance - ആകെ വരവുകളും പ്രാരംഭ ബാക്കിയും | (M+A) | 22,84,47,221 | 41,01,73,701 | 46,29,24,912 |

| | Particulars - ഇനം വിവരം | | Actuals for the year 2022-23 യഥാർത്ഥ കണക്ക് 2022-23 | Revised Budget for the year 2023-24 പരിഷ്കരിച്ച ബജറ്റ് 2023-24 | Budget for the year 2024-25 ബജറ്റ് 2024-25 |
|---|---|---|---|---|---|
| O | Revenue Expenditure-Statutory functions-റവന്യൂ ചെലവുകള്‍ -അനിവാര്യ ചുമതലകൾക്ക് | BS-8 | 1,78,42,064 | 3,01,12,720 | 3,13,33,000 |
| P | Revenue Expenditure-Plan - റവന്യൂ ഗ്രാന്റിൽ നിന്നുള്ള പദ്ധതി ചെലവുകൾ | BS-9 | 11,90,10,551 | 31,11,41,599 | 27,95,81,760 |
| Q | Revenue Expenditure-Non-Plan - റവന്യൂ ഗ്രാന്റിൽ നിന്നുള്ള പദ്ധതിയേതര ചെലവുകൾ | BS-10 | 5,97,28,560 | 4,20,00,000 | 10,01,08,800 |
| R | Total Revenue Expenditure - ആകെ റവന്യൂ ചെലവുകൾ | (O+P+Q) | 19,65,81,175 | 38,32,54,319 | 41,10,23,560 |
| S | Capital Expenditure -Loan repayments - മൂലധന ചെലവുകള്‍ -വായ്പ തിരിച്ചടവ് | BS-11 | 0 | 29,57,466 | 39,32,200 |
| T | Capital expenditure other than loan repayments - മറ്റ് മൂലധന ചെലവുകൾ | BS-12 | 1,17,44,952 | 1,96,86,804 | 4,60,05,240 |
| U | Total Capital Expenditure - ആകെ മൂലധന ചെലവുകൾ | (S+T) | 1,17,44,952 | 2,26,44,270 | 4,99,37,440 |
| V | Total Expenditure - ആകെ ചെലവുകൾ | (R+U) | 20,83,26,127 | 40,58,98,589 | 46,09,61,000 |
| W | Closing Balance - നീക്കി ബാക്കി | (N-V) | 2,01,21,094 | 42,75,112 | 19,63,912 |

# KODUMON GRAMA PANCHAYAT

## BUDGET FOR YEAR 2024-25

| Code | Budget Head | Actuals for the year 2022-23 | Revised Budget for the year 2023-24 | Budget for the year 2024-25 |
|---|---|---|---|---|
| WS 1 OPENING BALANCE (NET = BS17+BS15+BS12 - BS2-B24-BS7-BS9) | | 1,50,62,059 | 2,01,21,094 | 42,75,112 |
| **INCOME** | | | | |
| **BS-1-REVENUE INCOME-TAXES** | | | | |
| 1101001 | Property Tax-വസ്തു നികുതി | 42,19,025 | 60,00,000 | 73,50,000 |
| 1102001 | Profession Tax-തൊഴിൽ നികുതി | 15,96,480 | 20,00,000 | 25,00,000 |
| 110 | **Total-Tax Revenue** | 58,15,505 | 80,00,000 | 98,50,000 |
| **BS-2--REVENUEINCOME-NON-TAX** | | | | |
| 130 | **Rental Income from Panchayat Properties** | | | |
| 1301001 | Rent from Land and Buildings-സ്ഥലങ്ങളുടെയും കെട്ടിടങ്ങളുടെയും വാടക | 3,80,940 | 5,00,000 | 1,00,000 |
| 1303001 | Rent from Auditoriums and Halls- ആഡിറ്റോറിയം/ഹാൾ വാടക | 9,000 | 4,00,000 | 5,00,000 |
| 1304001 | Daily Rentals from Panchayat Properties-പഞ്ചായത്ത് സ്വത്തുക്കളുടെ ദിവസ വാടക | - | 1,00,000 | 1,00,000 |
| 1308001 | Other Rents- മറ്റ് വാടകകൾ | 1,08,775 | 1,00,000 | |
| 130 | **Total-Rental Income from Panchayat Properties** | 4,98,715 | 11,00,000 | 7,00,000 |
| 140 | **Fees & User Charges** | | | |
| 1401001 | Empanelment & Registration Charges/ Fees-രജിസ്ട്രേഷൻ ചാർജ്/ഫീസ് | 1,876 | 1,00,000 | 10,000 |
| 1401101 | Licence Fees-ലൈസൻസ് ഫീസ് | 2,39,290 | 4,00,000 | 4,50,000 |
| 1401201 | Fee for Grant of Permit-പെർമിറ്റ് ഫീസ് | 3,21,234 | 19,00,000 | 30,00,000 |

| Code | Budget Head | Actuals for the year 2022-23 | Revised Budget for the year 2023-24 | Budget for the year 2024-25 |
|---|---|---|---|---|
| 1401301 | Fees for Certificate or Extract-സർട്ടിഫിക്കറ്റ്/എക്സ്ട്രാക്റ്റ് ഫീ | 15,837 | 60,000 | 50,000 |
| 1402001 | Penalties and Fines-ഫൈൻ | 1,40,043 | 2,00,000 | 3,50,000 |
| 1404001 | Miscellaneous Fees-മറ്റ് ഫീസുകൾ | 1,80,306 | 9,50,000 | 10,00,000 |
| 1405001 | User Charges Collected-യൂസർ ചാർജ് | 10,82,439 | 3,00,000 | 1,00,000 |
| 140 | Total-Fees & User Charges- | 19,81,025 | 39,10,000 | 49,60,000 |
| 150 | Sale & Hire Charges | | | |
| 1501001 | Sale of Products-ഉൽപ്പന്നങ്ങളുടെ വില | 0 | 50,000 | 50,000 |
| 1501101 | Sale of Forms-ഫാറം വില | 29,100 | 1,00,000 | 50,000 |
| 1501201 | Sale of stores & Scrap-ഉപയോഗശൂന്യമായ വസ്തുക്കളുടെ വിൽപ്പന | 0 | 1,00,000 | 1,00,000 |
| 1503001 | Miscellaneous Sales-മറ്റ് വസ്തുക്കളുടെ വിൽപ്പന | 0 | 50,000 | - |
| 150 | Total-Sale & Hire Charges | 29,100 | 3,00,000 | 2,00,000 |
| 151 | Receipts from Transferred Institutions | | | |
| 1511001 | Receipts from Transferred Institutions | 0 | 50,000 | 50,000 |
| 151 | Total-Receipts from Transferred Institutions | 0 | 50,000 | 50,000 |
| 170 | Income from Investments | | | |
| 170 | Total-Income from Investments | 0 | 0 | 0 |
| 171 | Interest Earned | | | |
| 1711001 | Interest from Bank Accounts-ബാങ്ക് നിക്ഷേപങ്ങളിൽ നിന്നുള്ള പലിശ | 5,87,388 | 10,00,000 | 15,00,000 |
| 171 | Total-Interest Earned | 5,87,388 | 10,00,000 | 15,00,000 |

| Code | Budget Head | Actuals for the year 2022-23 | Revised Budget for the year 2023-24 | Budget for the year 2024-25 |
|---|---|---|---|---|
| 180 | **Other Income** | | | |
| 1808001 | Miscellaneous Income | 3,01,630 | 0 | 10,000 |
| 180 | **Total-Other Income** | **3,01,630** | **0** | **10,000** |
| | **Total-Non tax revenue** | **33,97,858** | **63,60,000** | **74,20,000** |
| **BS-3-GENERALPURPOSEFUND** | | | | |
| 1601005 | General purpose fund-ജനറൽ പർപ്പസ് ഫണ്ട് | 1,38,66,000 | 1,69,76,000 | 1,92,65,000 |
| | **Total-General purpose fund** | **1,38,66,000** | **1,69,76,000** | **1,92,65,000** |
| **BS-4-REVENUEINCOMEPLANGRANTS** | | | | |
| 3121001 | capital contribution- | | 49,30,400 | 1,00,000 |
| 3201001 | Grants, Funds & Contributions for Specific Purposes -centrally sponsored Schemes-കേന്ദ്രാവിഷ്കൃത പദ്ധതികൾക്ക് വേണ്ടിയുള്ള ഗ്രാന്റുകളും ഫണ്ടുകളും വിഹിതങ്ങളും | 11,39,688 | 5,60,36,385 | 9,65,80,000 |
| 3201002 | Grants, Funds & Contributions for Specific Purposes - Other Central Government Grants - കേന്ദ്ര സർക്കാരിൽ നിന്നുള്ള ഗ്രാന്റുകളും ഫണ്ടുകളും വിഹിതങ്ങളും-പ്രത്യേക പദ്ധതികൾക്കുള്ളത് | 6,14,59,076 | 0 | 0 |
| 3202001 | Development Fund - വികസന ഫണ്ട് | 4,66,88,710 | 8,58,24,088 | 5,68,51,760 |
| 3202002 | Fund for Transferred Institutions -ഘടക സ്ഥാപനങ്ങൾക്ക് വേണ്ടിയുള്ള പ്രത്യേക ഫണ്ടുകൾ | 3,09,620 | 0 | 0 |
| 3202003 | Grants, Funds & Contributions for Specific Purposes - Other than Development Fund and State Sponsored Scheme Funds - Other purposes-വികസന ഫണ്ട്/സംസ്ഥാനാവിഷ്കൃത ഫണ്ട് ഒഴികെ മറ്റ് ആവശ്യങ്ങൾക്കുള്ള ഗ്രാന്റുകളും ഫണ്ടുകളും വിഹിതങ്ങളും | 49,62,053 | 0 | 1,50,000 |
| 3204001 | Grants, Funds & Contributions for Specific Purposes - Financial Institutions - ധനകാര്യ സ്ഥാപനങ്ങളിൽ നിന്നുള്ള ഗ്രാന്റുകളും ഫണ്ടുകളും വിഹിതങ്ങളും | | 3,70,00,000 | 0 |
| 3205001 | Grants, Funds & Contributions for Specific Purposes - Welfare Bodies-ഗ്രാന്റുകളും ഫണ്ടുകളും വിഹിതങ്ങളും | | 0 | 3,50,00,000 |
| 3207002 | Contributions for Joint Venture Projects (for Centrally Sponsored Scheme) - സംയോജിത പദ്ധതികൾക്കുള്ള കേന്ദ്രാവിഷ്കൃത ഫണ്ട് വിഹിതം | | 5,71,95,514 | 9,00,00,000 |

| Code | Budget Head | Actuals for the year 2022-23 | Revised Budget for the year 2023-24 | Budget for the year 2024-25 |
|---|---|---|---|---|
| 3207004 | Contributions for Other Specific Purposes (for Revenue Expenditure)-പ്രത്യേക ഉദ്ദേശ പദ്ധതികൾക്കുള്ള വിഹിതം(റവന്യൂ ചെലവുകൾക്ക്) | 2,11,594 | 3,55,87,500 | 0 |
| 3208001 | Other Grants, Funds & Contributions for Specific Purposes -others- മറ്റ് പ്രത്യേക ഉദ്ദേശ പദ്ധതികൾക്കുള്ള ഗ്രാന്റുകളും ഫണ്ടുകളും വിഹിതങ്ങളും | 1,31,17,550 | 8,08,910 | 0 |
| 320 | **Total Revenue Income Plan Grants** | 12,78,88,291 | 27,73,82,797 | 27,86,81,760 |
| **BS-5-REVENUEINCOME-NONPLANGRANTS** | | | | |
| 160 | **Revenue Grants, Funds, Contributions & Compensations** | | | |
| 1601003 | **State Sponsored Schemes (not included under Decentralised Plan Programme)**സംസ്ഥാന ആവിഷ്കൃത പരിപാടികൾക്കുള്ള വരവുകൾ | 5,97,28,560 | 4,20,00,000 | 10,01,08,800 |
| 160 | **Total-Revenue Grants, Funds, Contributions & Compensations** | 5,97,28,560 | 4,20,00,000 | 10,01,08,800 |
| **BS-6-CAPITALINCOME-LOANS** | | | | |
| 330 | **loans** | | | |
| 3305001 | **loans from Banks & Other Financial Institutions**-ബാങ്കുകളിൽ നിന്നും മറ്റ് ബാങ്കിംഗ് സ്ഥാപനങ്ങളിൽ നിന്നുമുള്ള വായ്പ | | 2,00,00,000 | |
| 330 | **Total-loans** | 0 | 2,00,00,000 | 0 |
| **BS-7Capitalincomeotherthanloans** | | | | |
| 3207001 | Contributions for Joint Venture Projects (for Capital Expenditure) - | | 38,32,000 | 0 |
| 3207003 | Contributions for Other Specific Purposes (for Revenue Expenditure)-പ്രത്യേക ഉദ്ദേശ പദ്ധതികൾക്കുള്ള വിഹിതം(റവന്യൂ ചെലവുകൾക്ക്) | | 41,61,200 | 80,00,000 |
| 3201001 | Grants, Funds & Contributions for Specific Purposes -centrally sponsored Schemes- കേന്ദ്രാവിഷ്കൃത പദ്ധതികൾക്ക് വേണ്ടിയുള്ള ഗ്രാന്റുകളും ഫണ്ടുകളും വിഹിതങ്ങളും | | 0 | 1,60,00,000 |
| 3201002 | Grants, Funds & Contributions for Specific Purposes - Other Central Government Grants - കേന്ദ്ര സർക്കാരിൽ നിന്നുള്ള ഗ്രാന്റുകളും ഫണ്ടുകളും വിഹിതങ്ങളും- പ്രത്യേക പദ്ധതികൾക്കുള്ളത് | | 0 | 15,00,000 |
| 3202001 | **Development Fund - വികസന ഫണ്ട്** | 26,88,948 | 1,13,40,610 | 1,26,24,240 |
| 3202003 | Grants, Funds & Contributions for Specific Purposes - Other than Development Fund and State Sponsored Scheme Funds - Other purposes-വികസന ഫണ്ടും സംസ്ഥാനാവിഷ്കൃത ഫണ്ടും ഒഴികെ മറ്റ് ആവശ്യങ്ങൾക്കുള്ള ഗ്രാന്റുകളും ഫണ്ടുകളും വിഹിതങ്ങളും | | 0 | 40,00,000 |

| Code | Budget Head | Actuals for the year 2022-23 | Revised Budget for the year 2023-24 | Budget for the year 2024-25 |
|---|---|---|---|---|
| 3203001 | Grants, Funds & Contributions for Specific Purposes - Other Government Agencies മറ്റ് സർക്കാർ ഏജൻസികളിൽ നിന്നുള്ള ഗ്രാന്റുകളും ഫണ്ടുകളും വിഹിതങ്ങളും | | 0 | 2,00,000 |
| 3207002 | Contributions for Joint Venture Projects (for Centrally Sponsored Scheme) - സംയോജിത പദ്ധതികൾക്കുള്ള കേന്ദ്രാവിഷ്കൃത ഫണ്ട് വിഹിതം | | 0 | 10,00,000 |
| 320 | **Total Capital Income other than loans** | 26,88,948 | 1,93,33,810 | 4,33,24,240 |
| | **TOTAL INCOME** | 21,33,85,162 | 39,00,52,607 | 45,86,49,800 |
| **EXPENDITURES** | | | | |
| **BS-8-RevenueExpenditure-Mandatoryfunctions** | | | | |
| 210 | **Establishment Expenses** | | | |
| 2101001 | Salaries-ശമ്പളം | 78,28,007 | 1,20,00,000 | 1,25,00,000 |
| 2101002 | Wages-കൂലി | 5,38,155 | 11,00,000 | 11,55,000 |
| 2101003 | Bonus-ബോണസ് | 16,000 | 50,000 | 5,25,000 |
| 2102001 | Travelling Allowances-യാത്രാ ബത്ത | 39,996 | 5,00,000 | 5,00,000 |
| 2102002 | Other Benefits and Allowances-മറ്റ് ബത്തകൾ | 88,248 | 5,00,000 | 5,25,000 |
| 2102003 | Monthly Honorarium of Elected Representatives-ജനപ്രതിനിധികൾക്കുള്ള ഓണറേറിയം | 18,88,800 | 25,00,000 | 25,25,000 |
| 2102004 | Sitting Fee of Elected Representatives-ജന പ്രതിനിധികൾക്കുള്ള സിറ്റിംഗ് ഫീ | 1,88,400 | 5,00,000 | 4,00,000 |
| 2102005 | Travelling Allowance of Elected Representatives-ജനപ്രതിനിധികൾക്കുള്ള യാത്ര ബത്ത | 0 | 1,00,000 | 2,00,000 |
| 2103001 | Pension Contributions-പെൻഷൻ കോൺട്രിബ്യൂഷൻ | 11,28,648 | 24,00,000 | 25,00,000 |
| 2103002 | Leave Salary Contributions-അവധി ശമ്പളം | 1,53,612 | 10,00,000 | 8,00,000 |

| Code | Budget Head | Actuals for the year 2022-23 | Revised Budget for the year 2023-24 | Budget for the year 2024-25 |
|---|---|---|---|---|
| 2104001 | Other Terminal & Retirement Benefits-മറ്റ് സേവന വിരാമ ആനുകൂല്യങ്ങൾ | 7,69,230 | 8,00,000 | 10,00,000 |
| 210 | **Total** | 1,26,39,096 | 2,14,50,000 | 2,26,30,000 |
| 220 | **Administrative Expenses** | | | |
| 2201001 | Rent-വാടക | 1,27,029 | 5,00,000 | 5,00,000 |
| 2201002 | Rates- | 1,105 | 0 | - |
| 2201003 | Taxes-നികുതി | 0 | 1,00,000 | 50,000 |
| 2201101 | Office Maintenance-ഓഫീസ് ചെലവുകൾ | 5,09,119 | 5,00,000 | 5,00,000 |
| 2201201 | Communication Expenses-വാർത്താ വിനിമയ ചെലവുകൾ | 5,92,597 | 5,00,000 | 5,50,000 |
| 2202001 | Books & Periodicals-പുസ്തകങ്ങളും ആനുകാലികങ്ങളും | 26,706 | 1,00,000 | 1,00,000 |
| 2202101 | Printing & Stationery-അച്ചടിയും സ്റ്റേഷനറിയും | 3,36,445 | 5,00,000 | 4,00,000 |
| 2204001 | Insurance and Registration-ഇൻഷുറൻസ്/രജിസ്ട്രേഷൻ | 10,790 | 1,90,000 | 50,000 |
| 2205101 | Legal Expenses-നിതി ന്യായസേവനങ്ങൾക്കുള്ള ചെലവുകൾ | 0 | 5,00,000 | 4,00,000 |
| 2205201 | Professional & Other Fees-പ്രൊഫഷണൽ സേവനങ്ങൾക്കുള്ള ചെലവുകൾ | 25,650 | 2,00,000 | 1,00,000 |
| 2206001 | Advertisement & Publicity-പരസ്യവും പ്രചരണവും | 3,000 | 3,00,000 | 3,50,000 |
| 2206101 | Membership & Subscriptions-മെമ്പർഷിപ്/വരിസംഖ്യ | 2,000 | 1,00,000 | 1,00,000 |
| 2207001 | Election Expenses-തെരഞ്ഞെടുപ്പ് ചെലവുകൾ | 1,300 | 1,50,000 | 1,50,000 |
| 2207101 | Extra - ordinary Expenses-അസാധാരണ ചെലവുകൾ | 58,771 | 2,00,000 | 1,00,000 |

| Code | Budget Head | Actuals for the year 2022-23 | Revised Budget for the year 2023-24 | Budget for the year 2024-25 |
|---|---|---|---|---|
| 2208001 | Miscellaneous Administrative Expenses-മറ്റ് ഭരണ ചെലവുകൾ | 6,14,465 | 5,00,000 | 4,00,000 |
| 220 | Total | 23,10,967 | 43,40,000 | 37,50,000 |
| 230 | Operations & Maintenance | | | |
| 2301001 | Power-വൈദ്യുതി/ഊർജം | 11,44,748 | 13,00,000 | 14,00,000 |
| 2301002 | Diesel, Petrol, Gas & Lubricants- ഡീസൽ പെട്രോൾ , ഓയിൽ , ലൂബ്രിക്കന്റ് | 1,93,990 | 3,00,000 | 3,50,000 |
| 2301101 | Water Charges for Drinking Water Schemes-വാട്ടർ ചാർജ് | 6,19,048 | 9,00,000 | 9,00,000 |
| 2303001 | Consumption of Stores | 0 | 1,00,000 | 1,00,000 |
| 2304001 | Hire Charges-വാടക | 85,523 | 1,00,000 | 1,50,000 |
| 2305001 | Repairs & Maintenance - Infrastructure Assets - Buildings-സംരക്ഷണവും അറ്റകുറ്റപ്പണികളും-പൊതു കെട്ടിടങ്ങൾ | 3,309 | 2,00,000 | 3,00,000 |
| 2305002 | Repairs & Maintenance - Infrastructure Assets - Roads-സംരക്ഷണവും അറ്റകുറ്റപ്പണികളും-റോഡുകൾ | 10,000 | 1,00,000 | 4,00,000 |
| 2305004 | Repairs & Maintenance Culverts & Bridges-സംരക്ഷണവും അറ്റകുറ്റപ്പണികളും-പാലങ്ങളും കലുങ്കുകളും | 0 | 2,00,000 | 1,00,000 |
| 2305005 | Repairs & Maintenance - Drinking Water-സംരക്ഷണവും അറ്റകുറ്റപ്പണികളും-കുടിവെള്ള പദ്ധതികൾ | 0 | 62,720 | 68,000 |
| 2305007 | Repairs & Maintenance - Electricityസംരക്ഷണവും അറ്റകുറ്റപ്പണികളും-വൈദ്യുതി | 1,27,507 | 0 | 50,000 |
| 2305008 | Repairs & Maintenance - Waste Treatment-സംരക്ഷണവും അറ്റകുറ്റപ്പണികളും-മാലിന്യ നിർമാർജന പദ്ധതികൾ | 0 | 2,00,000 | 2,10,000 |
| 2305009 | Repairs & Maintenance - Movable Assets-സംരക്ഷണവും അറ്റകുറ്റപ്പണികളും-ജംഗമ ആസ്തികൾ | 1,89,858 | 2,00,000 | 2,50,000 |
| 2305099 | Repairs & Maintenance -Other Fixed Assets-സംരക്ഷണവും അറ്റകുറ്റപ്പണികളും-മറ്റ് സ്ഥിര ആസ്തികൾ | 1,163 | 1,00,000 | 1,25,000 |
| 2308001 | Other Operating and maintenance expenses-മറ്റ് നടത്തിപ്പ്/മെയിന്റനൻസ് ചെലവുകൾ | 5,15,707 | 2,60,000 | 3,00,000 |

| Code | Budget Head | Actuals for the year 2022-23 | Revised Budget for the year 2023-24 | Budget for the year 2024-25 |
|---|---|---|---|---|
| 230 | Total | 28,90,853 | 40,22,720 | 47,03,000 |
| 240 | Interest & Finance Charges | | | |
| 2407001 | Bank Charges-ബാങ്ക് ചാർജ് നൽകൽ | 0 | 2,00,000 | 2,00,000 |
| 2408001 | Other Finance Expenses-ധനകാര്യ ഇടപാടുകൾക്കുള്ള മറ്റ് ചെലവുകൾ | 1,148 | 1,00,000 | 50,000 |
| 240 | Total | 1,148 | 3,00,000 | 2,50,000 |
| | TOTAL STATUTORY EXPENDITURE | 1,78,42,064 | 3,01,12,720 | 3,13,33,000 |
| BS-9RevenueExpenditurePlan | | | | |
| 250 | Decentralised Plan Programme - Productive Sector | | | |
| 2501001 | Agriculture and Related Sectors - Paddy-കൃഷിയും അനുബന്ധ മേഖലകളും - നെൽകൃഷി | 0 | 43,23,990 | 45,00,000 |
| 2501002 | Agriculture and Related Sectors - Other crops-കൃഷിയും അനുബന്ധ മേഖലകളും-മറ്റ് വിളകൾ | 26,05,891 | 1,04,000 | 5,00,000 |
| 2501003 | Agricultural Development Programs-മറ്റ് കാർഷിക വികസന പരിപാടികൾ | 5,34,233 | 32,93,921 | 0 |
| 2501004 | Agriculture and Related Sectors - Animal husbandry -കൃഷിയും അനുബന്ധ മേഖലകളും-മൃഗ സംരക്ഷണം | 12,20,700 | 1,80,429 | 0 |
| 2501005 | Agriculture and Related Sectors - Dairy development-കൃഷിയും അനുബന്ധ മേഖലകളും-ക്ഷീര വികസനം | 0 | 17,85,200 | 11,00,000 |
| 2501009 | Agriculture and Related Sectors - Coconut-കൃഷിയും അനുബന്ധ മേഖലകളും-തെങ്ങ് കൃഷി | 0 | 0 | 10,00,000 |
| 2501010 | Agriculture and Related Sectors - Areacanut-കൃഷിയും അനുബന്ധ മേഖലകളും-അടയ്ക്ക കൃഷി | 0 | 0 | 5,00,000 |
| 2501011 | Agriculture and Related Sectors - Vegetables-കൃഷിയും അനുബന്ധ മേഖലകളും-പച്ചക്കറി | 0 | 0 | 5,00,000 |
| 2501012 | Agriculture and Related Sectors - Plantain-കൃഷിയും അനുബന്ധ മേഖലകളും-വാഴ | 0 | 10,75,500 | 5,00,000 |
| 2501013 | Agriculture and Related Sectors -Tuber Crops-കൃഷിയും അനുബന്ധ മേഖലകളും-കിഴങ്ങ് വിളകൾ | 0 | 6,22,800 | 2,00,000 |

| Code | Budget Head | Actuals for the year 2022-23 | Revised Budget for the year 2023-24 | Budget for the year 2024-25 |
|---|---|---|---|---|
| 2501014 | Agriculture and Related Sectors -Horticulture-കൃഷിയും അനുബന്ധ മേഖലകളും- | 49,700 | 3,00,000 | 0 |
| 2501018 | Agriculture and Related Sectors -Ginger-കൃഷിയും അനുബന്ധ മേഖലകളും-ഇഞ്ചി | 0 | 0 | 2,00,000 |
| 2501019 | Agriculture and Related Sectors -Pepper-കൃഷിയും അനുബന്ധ മേഖലകളും-കുരുമുളക് | 0 | 0 | 2,00,000 |
| 2501020 | Agriculture and Related Sectors -Vetal-കൃഷിയും അനുബന്ധ മേഖലകളും-വെറ്റില | 0 | 0 | 2,00,000 |
| 2501023 | Agriculture and Related Sectors - Apiculture-കൃഷിയും അനുബന്ധ മേഖലകളും | 0 | 0 | 1,00,000 |
| 2501026 | Agriculture and Related Sectors - Agriculture Related Facilities-കൃഷിയും അനുബന്ധ മേഖലകളും-അനുബന്ധ സൗകര്യങ്ങൾ | 11,15,212 | 0 | 0 |
| 2501027 | Agriculture and Related Sectors - Value addition of Produce-കൃഷിയും അനുബന്ധ മേഖലകളും | 1,09,825 | 0 | 0 |
| 2501028 | Agriculture and Related Sectors - Marketing-കൃഷിയും അനുബന്ധ മേഖലകളും-കാർഷിക വിപണനം | 3,00,000 | 0 | 0 |
| 2501032 | Animal Husbandry -Goat-മൃഗ സംരക്ഷണം-ആട് വളർത്തൽ | 1,16,000 | 0 | 0 |
| 2501033 | Animal Husbandry -Buffalo-മൃഗ സംരക്ഷണം-എരുമ വളർത്തൽ | 0 | 10,10,000 | 0 |
| 2501034 | Animal Husbandry -Calf-മൃഗ സംരക്ഷണം-കന്നുകുട്ടി പരിപാലനം | 0 | 13,50,000 | 0 |
| 2501035 | Animal Husbandry -Poultry- മൃഗ സംരക്ഷണം-മുട്ട കോഴി/താറാവ് വളർത്തൽ | 6,25,800 | 0 | 5,85,000 |
| 2501040 | Animal Husbandry -Disease Control-മൃഗ സംരക്ഷണം-രോഗ നിയന്ത്രണം | 2,29,950 | 3,26,500 | 1,00,000 |
| 2501045 | Dairy Development -Fodder Grass-ക്ഷീര വികസനം-തീറ്റപ്പുൽ കൃഷി | 2,36,500 | 0 | 3,00,000 |
| 2501046 | Dairy Development -Storage and Marketing-ക്ഷീര വികസനം-സംഭരണവും വിപണനവും | 7,99,395 | 0 | 0 |
| 2501049 | FreshWater -Pisciculture-ശുദ്ധജല മത്സ്യ കൃഷി | 45,000 | 0 | 0 |

| Code | Budget Head | Actuals for the year 2022-23 | Revised Budget for the year 2023-24 | Budget for the year 2024-25 |
|---|---|---|---|---|
| 2501055 | Seabass Farming -Pisciculture-മത്സ്യകൃഷി | 0 | 1,00,000 | 16,000 |
| 2501063 | Integrated Pisciculture-സംയോജിത മത്സ്യ കൃഷി | 0 | 1,00,000 | 0 |
| 2503001 | Small scale industries and Micro enterprises- ചെറുകിട വ്യവസായങ്ങളും സൂക്ഷ്മ സംരംഭങ്ങളും | 3,75,000 | 0 | 0 |
| 2503009 | Industrial Training Programs-വ്യവസായ പരിശീലന പരിപാടികൾ | 0 | 0 | 6,00,000 |
| 250 | Total-Decentralised Plan Programme - Productive Sector | 83,63,206 | 1,45,74,340 | 1,11,01,000 |
| 251 | Decentralised Plan Programme - Service Sector | | | |
| 2510115 | Literacy  Equivalance Examination-സാക്ഷരത -തുല്യതാ പരീക്ഷ | 14,14,901 | 0 | 50,000 |
| 2511001 | Pre-primary Education -പ്രീ-പ്രൈമറി വിദ്യാഭ്യാസം | 0 | 5,13,000 | 0 |
| 2511002 | Primary Education-പ്രൈമറി വിദ്യാഭ്യാസം | 0 | 75,000 | 10,00,000 |
| 2511006 | SSA & Other Educational Programs-സർവ ശിക്ഷ അഭിയാനും മറ്റ് വിദ്യാഭ്യാസ പരിപാടികളും | 28,11,576 | 0 | 0 |
| 2511007 | Sports-സ്പോർട്സ് | 0 | 12,05,377 | 8,00,000 |
| 2511008 | Youth Welfare-യുവജനക്ഷേമം | 0 | 0 | 1,50,000 |
| 2511010 | Arts and Culture-കല-സംസ്കാരം | 0 | 0 | 3,00,000 |
| 2511016 | Reading Rooms ,Libraries - Periodicals-വായന ശാലകളും റീഡിംഗ് റൂമുകളും-ആനുകാലികങ്ങൾ | 0 | 0 | 2,00,000 |
| 2511020 | Arts,Culture,Sports and Youth Welfare-Infrastructure-കല-സംസ്കാരം-സ്പോർട്സ്-യുവജനക്ഷേമം-പശ്ചാത്തല സൗകര്യങ്ങൾ | 5,80,970 | 0 | 0 |
| 2512001 | PHC, CHC &Other Hospitals/Dispensaries-ഹെൽത്ത് സെന്ററുകള്‍/ആസ്പത്രികള്‍/ഡിസ്പെൻസറികൾ | 5,15,206 | 4,74,700 | 0 |
| 2512002 | Public Health Programs -പൊതു ആരോഗ്യ പരിപാടികൾ | 7,28,117 | 8,65,000 | 25,00,000 |

| Code | Budget Head | Actuals for the year 2022-23 | Revised Budget for the year 2023-24 | Budget for the year 2024-25 |
|---|---|---|---|---|
| 2512003 | Health related Special Programs -പ്രത്യേക ആരോഗ്യ പരിപാടി | 10,19,422 | 6,96,284 | 5,00,000 |
| 2512004 | Medicines-മരുന്നുകൾ | 44,96,106 | 35,67,875 | 25,00,000 |
| 2512007 | Other Programs in Health Sector-മറ്റ് ആരോഗ്യ പദ്ധതികൾ | 0 | 1,02,040 | 2,00,000 |
| 2512008 | Drinking Water-കുടിവെള്ളം | 4,28,929 | 67,16,209 | 33,87,787 |
| 2512009 | Sanitation-ശുചിത്വം | 1,71,775 | 41,45,600 | 16,00,000 |
| 2512010 | Health Sub centers-ആരോഗ്യ ഉപകേന്ദ്രങ്ങൾ | 0 | 0 | 5,00,000 |
| 2512011 | Community Health Sub centers-കമ്മ്യൂണിറ്റി ഹെൽത്ത് സബ് സെന്റർ | 0 | 9,83,446 | 0 |
| 2512015 | Ayurveda Hospital-ആയുർവേദ ആശുപത്രി | 0 | 1,00,000 | 8,00,000 |
| 2512018 | Homeo Dispensary-ഹോമിയോ ഡിസ്പെൻസറി | 0 | 0 | 2,00,000 |
| 2512024 | Epidemic Control-പകർച്ച വ്യാധി നിയന്ത്രണം | 0 | 9,53,000 | 3,00,000 |
| 2512025 | Drinking Water - Public-പൊതു കുടിവെള്ള വിതരണം | 0 | 0 | 10,00,000 |
| 2512026 | Sanitation & Waste Management - Public-പൊതു ശുചിത്വം-മാലിന്യ പരിപാലനം | 0 | 46,15,837 | 75,00,000 |
| 2513001 | Housing-ഭവന നിർമാണം | 2,03,99,667 | 14,42,02,435 | 6,50,00,000 |
| 2513004 | Electrification-വൈദ്യുതീകരണം. | 0 | 2,00,000 | 20,00,000 |
| 2513005 | Programs for the Aged-വൃദ്ധക്ഷേമ പരിപാടികൾ | 3,00,000 | 18,82,000 | 25,00,000 |
| 2513006 | Programs for Physically/ Mentally Challenged-ശാരീരിക-മാനസിക വെല്ലുവിളികൾ നേരിടുന്നവർക്കുള്ള പരിപാടികൾ | 21,70,901 | 42,25,000 | 10,00,000 |

| Code | Budget Head | Actuals for the year 2022-23 | Revised Budget for the year 2023-24 | Budget for the year 2024-25 |
|---|---|---|---|---|
| 2513007 | Welfare Programs for the Destitute-അഗതി ക്ഷേമ പരിപാടികൾ | 2,09,500 | 0 | 5,00,000 |
| 2513008 | Total Poverty Alleviation Programs-ദാരിദ്ര്യ ലഘൂകരണ പരിപാടികൾ | 6,14,59,076 | 5,00,00,000 | 9,20,00,000 |
| 2513009 | Women's Welfare Programs-വനിതാ ക്ഷേമ പരിപാടി | 9,75,000 | 5,50,000 | 40,00,000 |
| 2513010 | Special Programs for Scheduled Castes-പട്ടിക ജാതി ക്ഷേമ ത്തിനുള്ള പ്രത്യേക പരിപാടികൾ | 0 | 1,45,73,220 | 2,40,00,000 |
| 2513012 | Other Social Security Programs-മറ്റ് സാമൂഹ്യ സുരക്ഷിതത്വ പരിപാടികൾ | 46,745 | 92,064 | 0 |
| 2514001 | Development Programs for Women and Children -വനിതാ ശിശു ക്ഷേമ പരിപാടികൾ | 0 | 2,00,000 | 10,00,000 |
| 2514002 | Special Child Welfare Program-പ്രത്യേക ശിശുക്ഷേമ പരിപാടികൾ | 1,77,575 | 0 | 0 |
| 2514101 | Anganwadi Nutrition-അംഗൻവാടി പോഷകാഹാര പരി പാടി | 20,33,404 | 24,00,280 | 25,00,000 |
| 2514102 | Other Nutrition Distribution Programme-മറ്റ് പോഷകാഹാര പരിപാടികൾ | 15,01,034 | 0 | 0 |
| 2514201 | Anganwadi Infrastructure-അംഗൻവാടി പശ്ചാത്തല സൌകര്യങ്ങൾ | 0 | 0 | 5,00,000 |
| 2514202 | Anganwadi Related Services-അംഗൻവാടി അനുബന്ധ സൌകര്യങ്ങൾ | 13,14,000 | 4,80,000 | 5,00,000 |
| 2516001 | General Economic Services - Tourism-ടൂറിസം | 0 | 0 | 50,00,000 |
| 2516003 | General Economic Services- Public Crematoriums and Burial Grounds -പൊതു ശ്മശാനങ്ങളും,അനുബന്ധ സ്ഥാപനങ്ങളും | 0 | 0 | 40,00,000 |
| 2516004 | General Economic Services- Surveys and Studies-സർവേകളും പഠനങ്ങളും | 0 | 2,54,000 | 0 |
| 2516005 | General Economic Services- Plan Formulation, Monitoring and Evaluation-പദ്ധതി രൂപീകരണം ,മോണിറ്ററിംഗ് | 3,53,242 | 3,50,000 | 3,50,000 |
| 2516006 | General Economic Services- Good Governance -സദ്ഭരണം | 6,11,979 | 16,48,791 | 3,00,000 |